"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - മലയാളം മിഷൻ - 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിട്ടുള്ള തുകയുടെ നാലാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി)വകുപ്പ്**

സ.ഉ.(സാധാ) നം.45/2026/CLAD തീയതി,തിരുവനന്തപുരം, 19-01-2026

---

പരാമർശം:-
1. സഉ(പി)നം. 103/2020/ധന തീയതി, 04.08.2020
2. 04.01.2021 -ലെ 1/2021/ധന നമ്പർ സർക്കുലർ
3. 26.07.2022 -ലെ 65/2022/ധന നമ്പർ സർക്കുലർ
4. സ.ഉ(സാധാ)നം.246/2025/സാം.കാ.വ തീയതി 05.05.2025
5. സ.ഉ(സാധാ)നം.402/2025/സാം.കാ.വ തീയതി 21.07.2025
6. സ.ഉ(സാധാ)നം.646/2025/സാം.കാ.വ തീയതി 03.11.2025
7. മലയാളം മിഷൻ ഡയറക്ടറുടെ 19.12.2025 ലെ 796/24/മ.മി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലയാളം മിഷന് 2025-26 സാമ്പത്തിക വർഷം "2202-05-102-86 (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ 34.04 ലക്ഷം രൂപ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും പരാമർശം (4) പ്രകാരം ₹6,80,000 ഒന്നാം ഗഡുവായും പരാമർശം (5) പ്രകാരം ₹5,00,000 രണ്ടാം ഗഡുവായും പരാമർശം (6) പ്രകാരം ₹3,70,000 മൂന്നാം ഗഡുവായും (ആകെ ₹15,50,000) അനുവദിച്ച് നൽകിയിരുന്നു. പദ്ധതിയേതര വിഹിതമായി വകയിരുത്തിയ തുകയിൽ നിന്നും ₹10,00,000 (പത്ത് ലക്ഷം രൂപ) നാലാം ഗഡുവായി അനുവദിക്കണമെന്ന് പരാമർശ കത്ത് പ്രകാരം ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട് .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലയാളം മിഷന് 2025-26 സാമ്പത്തിക വർഷം പദ്ധതിയേതര വിഹിതമായി **2202-05-102-86(നോൺ പ്ലാൻ)** എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും **₹5,00,000 രൂപ (അഞ്ചു ലക്ഷം രൂപ മാത്രം)** നാലാം ഗഡുവായി അനുവദിച്ച് നൽകി ഉത്തരവ്

പുറപ്പെടുവിക്കുന്നു.

3. പരാമർശം (2) ലെ നിബന്ധന പ്രകാരം പ്രസ്തുത തുക മലയാളം മിഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള **701011400000175** എന്ന STSB അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ്/അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ മലയാളം മിഷൻ ഡയറക്ടർ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം മലയാളം മിഷൻ ഡയറക്ടർ ധനവിനിയോഗ സാക്ഷ്യപത്രം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, പരാമർശം (1) ലും (3) ലും നിർദ്ദേശിച്ചിട്ടുള്ളതു പ്രകാരം സ്ഥാപനത്തിൽ ജി-സ്പാർക് നടപ്പിൽ വരുത്തിയ ശേഷം മാത്രം അടുത്ത ഗഡു ഫണ്ടിനായുള്ള പ്രൊപ്പോസൽ ലഭ്യമാക്കേണ്ടതാണ്. ഇപ്പോൾ അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും പ്രതീക്ഷിത ചെലവ് വിവരവും പ്രസ്തുത പ്രൊപ്പോസലിനൊപ്പം സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, മലയാളം മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, സാംസ്കാരിക വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (17.01.2026-ലെ 3126301 EDN-C3/82/2025-FIN നമ്പർ കുറിപ്പ് പ്രകാരം)
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, തിരുവനന്തപുരം
ഡയറക്ടർ, ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (C1/56/2025-CLAD)

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
Date: 20-01-2026 10:40:40
സെക്ഷൻ ഓഫീസർ.

പകർപ്പ് - സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്